സഹകരണ സേവന മേഖലകളുടെ ഏകോപനത്തിന് നിയമത്തിൽ ഭേദഗതി

89 (3243) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സഹകരണമേഖലയേയും സേവന മേഖലയേയും ഒരുമിച്ച് കൊണ്ടുപോകാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി സഹകരണ നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് വഴി പ്രാഥമിക ബാങ്കിംഗ് മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ മേഖല ബാങ്കിംഗ്, കയർ ഉത്പാദനം, ടൂറിസം, വിദ്യാഭ്യാസം തുടങ്ങി നിരവധി സേവന പ്രവർത്തനങ്ങളിലേർപ്പെട്ടു വരുന്നുണ്ട്. ഇതിലേക്കായി അതാത് മേഖലയിൽത്തന്നെ പ്രത്യേകം സംഘങ്ങൾ രൂപീകരിച്ചുകൊണ്ടും കൂടാതെ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ സേവന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുമാണ് ഇത് സാധ്യമാക്കുന്നത്. എന്നാൽ ബാങ്കിംഗ് നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ബാങ്കിംഗ് ബിസിനസ് നടത്തുന്ന സഹകരണ ബാങ്കുകൾക്ക് ബാങ്കിംഗ് ഇതര സേവന മേഖലയിൽ പ്രവർത്തിക്കാൻ കഴിയില്ല. സംസ്ഥാന തലത്തിൽ ധനസഹായ ബാങ്കായി പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളും സേവന മേഖലയിൽ പ്രവർത്തിക്കുന്നതും അഫിലിയേഷൻ ഉള്ളതുമായ സഹകരണ സംഘങ്ങൾക്ക് വായ്പ നൽകുന്നുണ്ട്. സഹകരണ സംഘങ്ങളുടെ അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിനായി സബ്സിഡിയായി ധനസഹായങ്ങൾ ആരംഭിക്കാനുള്ള വ്യവസ്ഥ കേരള സഹകരണ സംഘം ഭേദഗതി നിയമം 2013 (2013 ലെ 8-ാം നമ്പർ നിയമം)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസ്റ്റർ അംഗങ്ങളുടെ ക്ഷേമത്തിനായി സഹകരണ സംഘങ്ങൾ തമ്മിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥയും 2013-ലെ കേരള സഹകരണ സംഘം ഭേദഗതി നിയമത്തിലെ വകുപ്പ് 14 ബി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനായി സഹകരണ സംഘങ്ങൾക്ക് സബ്സിഡിയായി ധനസഹായങ്ങൾ ആരംഭിക്കുന്നതിനും സംഘങ്ങൾ തമ്മിലുള്ള പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുമായി മേൽ പരാമർശിച്ച പ്രകാരം 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമപ്രകാരം ഇതിലേക്കുള്ള വ്യവസ്ഥകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ഡി) 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമപ്രകാരം സേവന മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സബ്സിഡിയായി ധനസഹായങ്ങൾ രൂപീകരിക്കാനും പങ്കാളിത്ത വ്യവസ്ഥയിൽ പ്രവർത്തിക്കാനും കഴിയും. റിസർവ്വ് ബാങ്കിംഗ് നിയമം നിരോധിക്കുന്ന തരത്തിലുള്ള ബാങ്കിംഗ് സേവനങ്ങൾ എല്ലാം നൽകാതെ അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിച്ച് അംഗങ്ങൾക്ക് മാത്രം വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾക്കുമേൽ പരാമർശിച്ച നിയമ വ്യവസ്ഥകൾക്ക് പ്രകാരം അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

റാന്നി താലൂക്ക് തൊഴിൽദായക ക്ഷേമ സഹകരണ സംഘം

90 (3244) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ദേവസ്വം ഗ്രാമവികസനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് തൊഴിൽദായക ക്ഷേമ സഹകരണ സംഘം P.T.277 എന്ന പേരിൽ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണ് ഇത് രജിസ്റ്റർ ചെയ്തിട്ടുള്ളത്; എത്ര അംഗങ്ങളാണ് ഈ സംഘത്തിൽ ഉള്ളത്; ആരൊക്കെയാണ് പ്രൊമോട്ടർമാർ;

LIBRARY ARCHIVES Kerala Legislative Assembly